സി.ജി(2) **43910/08** സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : **23.3.2013**

**Email :** keralarcs.coop@kerala.gov.in
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

## സർക്കുലർ നമ്പർ 19/2013

വിഷയം: സഹകരണ വകുപ്പ് - കർഷക കടാശ്വാസ -കമ്മീഷന്റെ അവാർഡ്- പലിശ ഈടാക്കൂന്നത്- സംബന്ധിച്ച്.

സൂചന: 9.1.2012 ലെ 11324/എജി2/2011/കൃഷി നമ്പർ സർക്കാർ കത്ത്.

.................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ, കടാശ്വാസം അനുവദിച്ച് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷകർ അടയ്ക്കേണ്ട വിഹിതവും സർക്കാർ അനുവദിക്കുന്ന ഇളവുകളും പരാമർശിക്കാറുണ്ട്. ടി അവാർഡുകൾ പ്രകാരം സർക്കാർ നൽകാനുള്ള തുകയിൻമേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വീണ്ടും പലിശ ഈടാക്കാൻ പാടില്ലായെന്ന് സൂചന പ്രകാരം സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിട്ടുള്ള അവാർഡുകളുമായി ബന്ധപ്പെട്ട് സർക്കാർ എറ്റെടുത്ത, തുകയിൻമേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വീണ്ടും പലിശ ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്

കെ.വി.സുരേഷ് ബാബു

സഹകരണസംഘം രജിസ്ട്രാറുടെ ചുമതല

വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)